പ്രസിദ്ധീകരണങ്ങരംക്ക വിപുലമായ സ്വാഗതം ലഭിക്കാതിരിക്കുക യില്ല.

ടാഗോർ കൃതികരം സമഗ്രമായി വിവർത്തനംചെയ്ത് 1991—ൽ മല യാളത്തിൽ പ്രസിദ്ധീകരിക്കുന്നതിന് ഇപ്പോഴേ ശ്രമം ആരംഭിച്ചുകൂടേ? മലയാളത്തിലെ ഒരു പ്രമുഖ പ്രകാശകനോട് ഈ പ്രശ്നം ഞാൻ ഉന്നയി ക്കുകയുണ്ടായി. 'ഇക്കാര്യം ഞാൻ ആലോചിക്കായ്കയല്ല. പക്ഷേ, എത്ര മലയാളികരം ഈ കൃതികരം വാങ്ങും? സർഗാത്മക സാഹിത്യകൃതി കളുടെ വില്പന മലയാളത്തിൽ കുറഞ്ഞുവരികയാണ്. മുടക്കിയ മുതൽ തിരിച്ചുകിട്ടുമെന്ന് ഉറപ്പില്ലാതെ, വലിയ മൂലധനനിക്ഷേപം വേണ്ടിവ രുന്ന ഈ പ്രവർത്തനത്തിൽ എങ്ങനെ പ്രവേശിക്കും?' എന്നായിരുന്നു അദ്ദേഹത്തിന്റെ പ്രതികരണം.

ശരി. പക്ഷേ, കേരള സാഹിത്യഅക്കാദമിക്ക് ഈ ചുമതല ഏറെറ ടുത്തുകൂടേ? മൂലധനപ്രശ്നം അവരെ അലട്ടേണ്ടതില്ലല്ലോ.

(22 മെയ്, 1986)

# 37. പഞ്ചാബ് ഏടാകൂടം

അനുദിനം അധികാധികം വഷളായിവരുന്ന പഞ്ചാബിലെ ക്രമസമാ ധാനനിലയെപ്പററി ആലോചിക്കുന്നതിന്, പ്രധാനമന്ത്രിയും മുഖ്യ മന്ത്രിമാരും രാഷ്ട്രീയകക്ഷിനേതാക്കളും അംഗങ്ങളായുള്ള നാഷണൽ ഇൻടെഗ്രേഷൻ കൗൺസിലിന്റെ ഒരു അടിയന്തരയോഗം ഏപ്രിൽ 7—ാം തീയതി ദില്ലിയിൽ ചേരുകയുണ്ടായി. 'അക്രമത്തെ അമർച്ചചെ യ്യുന്നതിൽ നാം അമാന്തം വരുത്തിക്കൂടാ. നമ്മുടെ ഐക്യത്തേയും അഖ ണ്ഡതയേയും ബലത്തേയും പുരോഗതിയേയും തുരങ്കംവെക്കുന്ന ശക്തിക ളുണ്ട് ആയുധമോ, പണമോ നൽകി അക്രമത്തെ പ്രോത്സാഹിപ്പിക്കുന്ന ത്. അതിർത്തിക്കപ്പുറത്തു് ഉത്ഭവിക്കുന്ന ഏതു് അട്ടിമറിശ്രമത്തേയും നാം നേരിടുകതന്നെവേണം' എന്ന് ഈ യോഗത്തിൽ പ്രധാനമന്ത്രി പ്രസ്താവിച്ചു. പാകിസ്ഥാന്റെ പ്രചോദനത്തോടെയും ശിക്ഷണത്തോടെ യും സാമ്പത്തികസഹായത്തോടെയും പഞ്ചാബ് ഗവണ്മെൻറിനെതിരാ യി ഏതാനും സിഖ് യുവജനങ്ങരം നടത്തിവരുന്ന അക്രമപ്രവർത്തന ങ്ങരം ഇന്ത്യയുടെ അഖണ്ഡതയ്ക്കു ഭീഷണിയായിക്കഴിഞ്ഞിട്ടുണ്ടെന്ന് പ്രധാനമന്ത്രി തുറന്നുപറഞ്ഞു. എല്ലാ രാഷ്ട്രീയകക്ഷികളുടേയും സഹകരണ ത്തോടെ ദേശീയോദ്ഗ്രഥനപ്രചാരണം പഞ്ചാബിലും പരിസരങ്ങ ളിലും ശക്തിപ്പെടുത്തുന്നതിനു കൗൺസിൽ തീരുമാനിക്കുകയുംചെയ്തു.

പഞ്ചാബിൽനിന്ന് അക്രമപ്രവർത്തനങ്ങരം ദില്ലിയിലേക്കു വ്യാ പിക്കുമെന്ന ശങ്ക ഭരണവൃത്തങ്ങളിൽ പരന്നുകഴിഞ്ഞിട്ടുള്ളതായി പത്ര ങ്ങരം റിപ്പോർട്ട്ചെയ്തിട്ടുണ്ട്. അക്രമങ്ങരം പൊട്ടിപ്പുറപ്പെടുന്നപക്ഷം അവ ഉടൻ അടിച്ചമർത്തുന്നതിന് ദില്ലിയിലെ പോലീസ്സേന കൈ ക്കൊണ്ടുകഴിഞ്ഞിട്ടുള്ള കരുതൽ നടപടികരം സംബന്ധിച്ച വിശദവിവ രങ്ങളും പത്രങ്ങരം രേഖപ്പെടുത്തിയിട്ടുണ്ട്.

ആറുമാസം മുമ്പ് സുർജിത്സിംഹ് ബർണാലയുടെ നേതൃത്വത്തി ലുള്ള അകാലി പാർട്ടി ഗവണ്മെൻറ് അധികാരത്തിൽ വന്നതിനെത്തുട ന്ന് പഞ്ചാബിൽ സമാധാനം സ്ഥാപിക്കപ്പെടുമെന്നായിരുന്നു പരക്കെ വിശ്വസിക്കപ്പെട്ടിരുന്നത്. ഇപ്പോരം കേന്ദ്രഭരണത്തിലുള്ള ചണ്ഡീഗഢ് നഗരം പഞ്ചാബ്സ്റ്റേററിനു വിട്ടുകൊടുക്കുക, പഞ്ചാബിലുള്ള ഹിന്ദി

ഭൂരിപക്ഷ പ്രദേശങ്ങൾ ഹരിയാണാ സ്റ്റേറ്റിന്റെ കീഴിലാക്കുക, റാവി, ബിയാസ് എന്നീ നദികളുടെ ജലത്തിലൊരു പങ്ക് ഹരിയാണയിലേക്കും രാജസ്ഥാനിലേക്കും എത്തിക്കുന്നതിന് പഞ്ചാബിൽ ഏതാനും കനാലുകളുടെ പണി പൂർത്തിയാക്കുക തുടങ്ങിയ രാജീവ്–ലോംഗോവാൾ ഒത്തുതീർപ്പിലെ പ്രധാന ഇനങ്ങൾ 1986 ജനുവരി 26–ന് നടപ്പിൽവരുമെന്നും കരുതപ്പെട്ടിരുന്നു. എന്നാൽ, ഈ പ്രതീക്ഷകളെല്ലാം വിഫലമാവുകയാണുണ്ടായത്. 1986 ജനുവരി 26–ാം തീയതി തീവ്രവാദികൾ വീണ്ടും അമൃത്സറിലെ സുവർണക്ഷേത്രം പിടിച്ചെടുത്തു. അന്ന് അവർ ഉയർത്തിയ ഖാലിസ്ഥാൻ പതാക ഇപ്പോഴും അവിടെ ആടിക്കളിക്കുന്നുണ്ട്. സുവർണക്ഷേത്രത്തോടൊപ്പം പഞ്ചാബിലെ എല്ലാ സിഖ് ഗുരുദ്വാരകളുടെയും ഭരണം നിർവഹിക്കുന്ന ശിരോമണി ഗുരുദ്വാര പ്രബന്ധക് സമിതിയും തീവ്രവാദികൾ ഫലത്തിൽ കൈയടക്കിയിരിക്കുകയാണ്. ഇരുപതിനായിരത്തിലേറെ ജനങ്ങളെ സംഘടിപ്പിച്ച് അവർ ചണ്ഡീഗഢിൽ പഞ്ചാബ് നിയമസഭാമന്ദിരം വളഞ്ഞു; മണിക്കൂറുകളോളം നിയമസഭാസമ്മേളനം തടസ്സപ്പെടുത്തി. ഹോളി ദിവസം ആനന്ദ്പൂർ സാഹിബ് ഗുരുദ്വാരയിൽ പഞ്ചാബ് മുഖ്യമന്ത്രി സംബന്ധിച്ച യോഗത്തെ അവർ യന്ത്രത്തോക്കുകൾ ഉപയോഗിച്ച് അലങ്കോലപ്പെടുത്തി. ഹിന്ദുക്കൾക്കു ഭൂരിപക്ഷമുള്ള ബടാലാനഗരത്തെ ഒരാഴ്ചയോളം അവർ പൂർണമായും ഉപരോധിച്ചു; പോലീസുകാരും ഉപ–സൈനിക വിഭാഗങ്ങളും നിസ്സഹായരായി നോക്കിനിന്നതേയുള്ളു. ഇതിനു പുറമേ, തോന്നിയ സ്ഥലത്തു തോന്നിയ ആളുകളെ വെടിവെച്ചു കൊന്നു്, സാവധാനത്തിൽ നടന്നു രക്ഷപ്പെടാൻ തങ്ങൾക്കു കഴിയുമെന്നു പല സ്ഥലത്തും അവർ കാണിച്ചുതന്നിട്ടുമുണ്ട്. ഈ പ്രവർത്തനങ്ങളിൽ പഞ്ചാബ് പോലീസ് തീവ്രവാദികളുടെ ഭാഗത്താണെന്ന ബോധവും ജനങ്ങൾക്കിടയിൽ പരന്നുകഴിഞ്ഞിട്ടുണ്ട്. ഇത്തരം സാഹചര്യത്തിൽ, അകാലി ഗവണ്മെന്റിനെ പിരിച്ചുവിട്ട് പഞ്ചാബിന്റെ ഭരണം കേന്ദ്രം ഏറ്റെടുക്കണമെന്ന മുറവിളിയും ചില കേന്ദ്രങ്ങളിൽ ഉയരുകയുണ്ടായി.

ചുരുക്കത്തിൽ, പഞ്ചാബിലെ ഇന്നത്തെ സ്ഥിതി ഗുരുതരമാണ്; അതു രാഷ്ട്രത്തിന്റെ മുഴുവൻ അടിയന്തരശ്രദ്ധയ്ക്കു വിഷയമാകേണ്ടതുണ്ട്.

ശരിക്കും 'തീവ്രവാദികൾ' എന്നോ, ഭീകരപ്രവർത്തകർ എന്നോ വിളിക്കാവുന്നവർ, സിഖുകാർക്കിടയിൽ, എത്രയുണ്ട്? അവരുടെ സംഖ്യ രണ്ടായിരത്തോളമേ വരു എന്നാണു കരുതപ്പെടുന്നത്. ഇന്ദിരാഗാന്ധിയുടെ ആജ്ഞയനുസരിച്ച് പട്ടാളം സുവർണക്ഷേത്രത്തിൽ പ്രവേശിച്ചതിനെത്തുടർന്ന്, പല തീവ്രവാദികളും പാകിസ്ഥാനിലേക്ക് ഓടി രക്ഷപ്പെട്ടു. പാകിസ്ഥാനിൽ പല പരിശീലനകേന്ദ്രങ്ങളിലുമായി ഇവർക്ക് ഗറില്ലായുദ്ധമുറകളിലും, മാരകായുധങ്ങളുടെ ഉപയോഗത്തിലും, വിദഗ്ധശിക്ഷണം നൽകപ്പെട്ടു. ഇവരെ പൂർണമായും 'മസ്തിഷ്കപ്രക്ഷാളനം' ചെയ്യുന്നതിനും പാകിസ്ഥാൻ അധികൃതർക്കു കഴിഞ്ഞിട്ടുണ്ടെന്നു കരുതപ്പെടുന്നു. ജീവനിൽ കൊതിയില്ലാതെ ഏതു സാഹസവും ഇവർ അനുഷ്ഠിക്കും. കണ്ണിൽ ചോരയില്ലാതെ ഏതു ഘോരകൃത്യവും ചെയ്യും. എത്ര സമ്മർദങ്ങൾ അനുഭവിക്കേണ്ടിവന്നാലും രഹസ്യങ്ങൾ പുറത്തു വിടുകയില്ല. വകതിരിവില്ലാതെ അക്രമവും അട്ടിമറിപ്രവർത്തനവും നടത്തുവാൻ ഇവർക്കൊരു പ്രയാസവുമുണ്ടാവില്ല.

ഈ ഭീകരപ്രവർത്തകർക്കു താങ്ങും തണലുമായി പഞ്ചാബിലും, ദില്ലിയിലും, ഇന്ത്യയുടെ മറ്റു ഭാഗങ്ങളിലും പ്രവർത്തിച്ചുവരുന്ന പല സംഘടനകളുമുണ്ട്. അകാലി പാർട്ടിക്കകത്തുതന്നെ ഒരു വിഭാഗം, മൗനമായി, ഭീകരപ്രവർത്തകരെ സഹായിക്കാൻ തയ്യാറാണ്. ഭീകരപ്രവ

ത്തനം നടക്കുന്നതു തടയാനോ, പ്രവർത്തകരെന്നു തെളിഞ്ഞവരെയോ, അങ്ങനെ സംശയിക്കപ്പെടുന്നവരെയോ പിടിച്ചു പോലീസിൽ ഏല്പിക്കാനോ സന്നദ്ധതയുള്ളവർ സിഖുകാർക്കിടയിൽ ഇപ്പോൾ കുറവാണെന്നു കരുതാം. തീവ്രവാദികളിൽ കുറേപ്പേർ പഞ്ചാബ് പോലീസിനകത്തു നുഴഞ്ഞുകയറിയിട്ടുള്ളതായും സംശയിക്കപ്പെടുന്നുണ്ട്.

സുവർണക്ഷേത്രത്തിൽ വെടികൊണ്ടു മരിച്ച സന്ത്ജാർണെയിൽ സിംഹ് ഭിൻഡ്രാൻ വാലേയുടെ പിതാവായ ബാബാ ജോഗീന്ദർ സിംഹ് എന്ന വൃദ്ധന്റെ നേതൃത്വം അംഗീകരിക്കുന്ന 'യുണൈറ്റഡ് അകാലിദൾ' ആണ് പഞ്ചാബിലെ ഭീകരപ്രവർത്തനങ്ങളെ പരസ്യമായി തുണയ്ക്കുന്ന ഒരു നിയമവിധേയ സംഘടന. മുമ്പു നിയമവിരുദ്ധമായി പ്രഖ്യാപിക്കപ്പെട്ടിരുന്ന 'അഖിലേന്ത്യാ സിഖ് സ്റ്റുഡന്റ്സ് ഫെഡറേഷൻ' എന്ന തീവ്രവാദിസംഘടന ഇപ്പോൾ നിയമവിധേയമാണ്. വിദ്യാർത്ഥികൾക്കു പുറമേ, വിദ്യാലയം എത്രയോ വർഷംമുമ്പു വിട്ടവരും, വിദ്യാലയം ഒരിക്കലും കണ്ടിട്ടില്ലാത്തവരും, എല്ലാം ഇതിൽ അംഗങ്ങളാണ്. ഈ സംഘടനയ്ക്കു് പഞ്ചാബിൽ, പ്രത്യേകിച്ച് പാകിസ്ഥാനുമായി തൊട്ടുകിടക്കുന്ന ജില്ലകളിൽ, ഗണ്യമായ സ്വാധീനശക്തിയുണ്ട്.

'ദംദമീടക്സാൽ' എന്ന സിഖ്മതപാഠശാലയാണ്, ഇന്ത്യയ്ക്കകത്തു്, ഖാലിസ്ഥാൻ സ്ഥാപനത്തിനു് അനുകൂലമായും പഞ്ചാബ് ഗവൺമെന്റിനും കേന്ദ്രഗവൺമെന്റിനും പഞ്ചാബിലെ ഹിന്ദുക്കൾക്കും എതിരായും നടക്കുന്ന സിഖ് അക്രമപ്രവർത്തനങ്ങളുടെ മുഖ്യ പ്രചോദകശക്തി എന്നു കരുതപ്പെടുന്നു. പതിനെട്ടാം നൂററാണ്ടിൽ ബാബാദീപ് സിംഹ് എന്നൊരു സിഖ് നേതാവു് സ്ഥാപിച്ചതാണ് 'ദംദമീടക് സാൽ' എന്ന മതപുരോഹിത പരിശീലനശാല. പഞ്ചാബിലെ ഭാട്ടിൻഡ ജില്ലയിലുള്ള ദംദമാസാഹബ് ഗുരുദ്വാരയിൽവെച്ച് അവസാനത്തെ സിഖ് ഗുരു ഗോവിന്ദസിംഹനാണ് ബാബാ ദീപ് സിംഹന് അഭിഷേകം നൽകി അദ്ദേഹത്തെ സിഖ്മതത്തിൽ ചേർത്തതു് എന്നു വിശ്വസിക്കപ്പെടുന്നു. പിന്നീട്, അഹമദ്ഷാ അബ്ദാലി എന്ന അഫ്ഘാൻകാരൻ ഇന്ത്യ ആക്രമിക്കുകയും സുവർണക്ഷേത്രത്തിൽ അയാളുടെ പട്ടാളക്കാർ താവളമടിക്കുകയുംചെയ്തപ്പോൾ, അവരിൽനിന്നു് സുവർണക്ഷേത്രത്തെ വിമോചിപ്പിക്കുന്നതിനായി ക്രിസ്തുവർഷം 1757–ൽ 'ശഹീദാൻമിസ്ൽ' എന്ന രക്തസാക്ഷിസംഘടന ബാബാ ദീപ്സിംഹ് രൂപവൽക്കരിക്കുകയുണ്ടായി. അബ്ദാലിക്കെതിരായ യുദ്ധത്തിൽ ദീപ്സിംഹ് സ്വയം രക്തസാക്ഷിയാവുകയുംചെയ്തു.

ദംദമീടക്സാലിന്റെ പന്ത്രണ്ടാമത്തെ അദ്ധ്യക്ഷനായിരുന്നു 'ഭിൻഡ്രർകലാൻ' എന്ന ഗ്രാമത്തിൽ പിറന്ന ബാബാ ഗുർബചൻ സിംഹ്. ഫരീദ് കോട്ട് ജില്ലയിൽ 'റോഡി' എന്ന വില്ലേജിൽ പിറന്നു് അഞ്ചാംക്ളാസ്സുവരെ പഠിച്ച ജാർണെയിൽ സിംഹ്ബ്രാർ എന്ന ജാട് കർഷകയുവാവു് 1965–ൽ ബാബാ ഗുർബചൻ സിംഹിന്റെ ശിഷ്യനായി. ഗുരുവിന്റെ 'ഭിൻഡ്രാൻവാലേ' എന്ന ഉപനാമം ശിഷ്യൻ സ്വീകരിച്ചു. 1969–ൽ ഗുരു മരിച്ചു. 1978–ൽ ജാർണെയിൽ സിംഹ് ഭിൻഡ്രാൻവാലേ ദംദമീടക്സാലിന്റെ പതിമ്മൂന്നാമത്തെ തലവനായി. അമൃത്സറിനടുത്തു് 'മേഹ്ത്താചൗക്ക്' എന്ന ഗ്രാമത്തിൽ 'ഗുരുദർശൻ പ്രകാശ്' എന്ന പേരിൽ ഒരു ഗുരുദ്വാര ഭിൻഡ്രാൻവാലേ പണിയിച്ചു. 'ദംദമീടക്സാ'ലിന്റെ മുഖ്യകേന്ദ്രം അങ്ങോട്ടു മാററി. 1981–ൽ 'പഞ്ചാബ് കേസരി' എന്ന പത്രത്തിന്റെ അധിപരായിരുന്ന ലാലാ ജഗത്നാരായണനെ വെടിവെച്ചുകൊന്ന കേസ്സിൽ പ്രധാന കുററക്കാരനെന്നു സംശയിക്കപ്പെട്ടിരുന്ന ഭിൻഡ്രാൻവാലേ ഹരിയാനയിലെ ഹിസ്സാർ ജില്ലയിൽനിന്നു് മേഹ്ത്താചൗക്കിലേക്കു താമസം

മാററിയതോടെ, ആ വർഷം സെപ്തംബർ മാസത്തിൽ, ആണ് 'ദംദമീടക്സാലി'നെപ്പററി ഇന്ത്യക്കാർ പൊതുവെ കേട്ടുതുടങ്ങിയത്. ആയിരക്കണക്കിന് ആളുകൾ നോക്കിനില്ക്കേ, 1981 സെപ്തംബർ 20-ാം തീയതി ഭിൻഡ്രൻവാലേ മേഹ്ത്താ ചൗക്കിൽവെച്ച് അറസ്റ്റിനു വഴങ്ങിക്കൊടുത്തു; തുടർന്നുണ്ടായ ലഹളയിൽ പതിനൊന്നാളുകൾ മരിക്കുകയുംചെയ്തു. ഭിൻഡ്രൻവാലേയുടെ ഗുരുവിന്റെ പുത്രനായ അമ്രീക് സിംഹ് അന്ന് അഖിലേന്ത്യാ സിഖ് സ്റ്റുഡൻറ്സ് ഫെഡറേഷന്റെ പ്രസിഡണ്ട് ആയിരുന്നു. സുവർണക്ഷേത്രം താവളമാക്കി ഇന്ത്യാഗവണ്മെൻറിനെതിരെ നടത്തിയ യുദ്ധം പിന്നീട് ആസൂത്രണംചെയ്തത് ഇവർ രണ്ടുപേരും ചേർന്നാണ്. 1986 ജനുവരി 26-ാം തീയതി, ദംദമീടക്സാലും സിഖ് സ്റ്റുഡൻറ്സ് ഫെഡറേഷനും ചേർന്ന് ശിരോമണി ഗുരുദ്വാരപ്രബന്ധക് കമ്മററിയെ പുറത്താക്കി, രണ്ടാമതും സുവർണക്ഷേത്രം പിടിച്ചടക്കിയിരിക്കയാണ്. സിഖുകാർ പരമപവിത്രമായി കരുതുന്ന അകാൽതഖ്ത് കെട്ടിടം ഇവർ പൊളിച്ചുകളഞ്ഞിരിക്കുന്നു വളരെ സാവധാനത്തിൽ അതിന്റെ പുനർനിർമാണപ്രവർത്തനങ്ങൾ അവർ നടത്തിക്കൊണ്ടുമിരിക്കുന്നു. ഈ പ്രവർത്തനങ്ങളുടെ മറവിൽ, വരുന്ന മൂന്നോ, നാലോ വർഷം സുവർണക്ഷേത്രം കൈവശം വെക്കാമെന്നാണ് അവർ കരുതുന്നത്. അതിനിടയിൽ എന്തെന്തു സംഭവങ്ങൾ നടക്കുകയില്ല? ആർക്കറിയാം?

'പരമപുരുഷ് സന്ത് ബാബാ ജാർണെയിൽ സിംഹ് ഖാൽസാ ഭിൻഡ്രൻവാലേ മരിച്ചിട്ടില്ല' എന്ന് ദംദമീടക്സാലിലെ അംഗങ്ങൾ സിഖ്മതവിശ്വാസികൾക്കിടയിൽ പ്രചരിപ്പിച്ചുകൊണ്ടിരിക്കുകയാണ്. അതിനാൽ, ടക്സാലിന് മറെറാരു അദ്ധ്യക്ഷനെ അവർ തിരഞ്ഞെടുത്തിട്ടുമില്ല. ടക്സാലിന്റെ കേന്ദ്രമായ മേഹ്ത്താ ചൗക്കിലെ ഗുരുദർശൻ പ്രകാശ് ഗുരുദ്വാരയിൽ ഭിൻഡ്രൻവാലേ പാർത്തിരുന്ന മുറി ഇപ്പോഴും പൂട്ടിയിട്ടിരിക്കയാണ്. അദ്ദേഹം തിരിച്ചുവന്നേ അതിനി തുറക്കുകയുള്ളു! സുവർണക്ഷേത്രത്തെ ഇന്ത്യൻസേന മോചിപ്പിച്ചതിനുശേഷം പല തവണ പാകിസ്ഥാൻ ടെലിവിഷൻ ഭിൻഡ്രൻവാലേയുടെ ചിത്രങ്ങൾ പ്രക്ഷേപണംചെയ്തിട്ടുണ്ടെന്നും, ഭിൻഡ്രൻവാലേ ഇപ്പോഴും പാകിസ്ഥാനിൽ ജീവിച്ചിരിപ്പുണ്ടെന്നും, തക്കസമയത്ത് അദ്ദേഹം വീണ്ടും പഞ്ചാബിൽ പ്രത്യക്ഷപ്പെട്ട് സിഖുകാർക്ക് നേതൃത്വം നൽകുമെന്നും ഉറച്ചു വിശ്വസിക്കുന്നവർ കുറവല്ല.

'ദംദമീടക്സാലിലെ അന്തരീക്ഷം ഒരു ആശ്രമത്തിന്റേതാണ്. ഒന്നാം നിലയിലെ ബാൽക്കണിയിൽ ഗുരുമുഖി ലിപിയിൽ അച്ചടിച്ച സിഖ്മതഗ്രന്ഥങ്ങൾ ഉരുവിടുന്ന വിദ്യാർത്ഥികൾ ചാർപായികളിൽ ഇരിക്കുന്നു. ചിലർ രാഗത്തിൽ മതഗാനങ്ങൾ പാടുന്നു; പ്രായം കുറഞ്ഞവർ അതു കേട്ടു പഠിക്കുന്നു. അന്തരീക്ഷം പരമശാന്തം. ഭിൻഡ്രൻവാലേ എന്ന തീവ്രവാദി ഇവിടെ പാർത്തിരുന്നുവെന്നു വിശ്വസിക്കുക അസാദ്ധ്യം' (സ്റ്റേററ്സ്മാൻ, മാർച്ച് 9).

ദംദമീടക്സാലിന്റെ ചെലവുകൾ നടന്നുപോകുന്നത് ഭക്തർ നൽകുന്ന വഴിപാടുകൾകൊണ്ടാണ്. ഇന്ന് അവിടെ ആളുകൾ കുറവാണ്, വരുമാനവും. ടക്സാലിലെ പ്രമുഖർ ഇപ്പോൾ അമൃത്സർ സ്വർണക്ഷേത്രത്തിൽപ്പാർത്ത് അകാൽതഖ്തിന്റെ പുനർനിർമാണ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുകയാണ്.

'ടക്സാൽ' എന്ന വാക്കിന് 'കമ്മട്ടം' എന്നാണർത്ഥം. കമ്മട്ടത്തിൽനിന്ന് നാണയങ്ങൾ അടിച്ചിറക്കുംപോലെ മതാചാര്യന്മാരെ വാർത്തുവിടുന്നതുകൊണ്ടാവാം, സിഖ്മത വിദ്യാലയത്തിന് ആ പേരു നൽകപ്പെട്ടത്.

സുവർണക്ഷേത്രംപോലെ, പഞ്ചാബിനകത്തും പുറത്തുമുള്ള മററു ഗുരുദ്വാരകളും കൈയടക്കുന്നതിന് ടക്സാൽ—സിഖ് വിദ്യാത്ഥി സംഘടനനേതാക്കൾ ശ്രമിച്ചുകൊണ്ടിരിക്കയാണ്. ശിരോമണി—ഗുരുദ്വാര പ്രബന്ധക് സമിതിയുടെ അദ്ധ്യക്ഷനായിരുന്ന ടോഹ്റ ആ സ്ഥാനം രാജിവെച്ചൊഴിഞ്ഞു. ഇപ്പോൾ പ്രബന്ധക് സമിതി മിക്കവാറും നിഷ്ക്രിയമാണ്. ടക്സാൽ—സിഖ് വിദ്യാത്ഥിസംഘടനാനേതൃത്വം ഈ അവസരം ഉപയോഗിച്ചു പല ഗുരുദ്വാരകളെയും ആയുധാഗാരങ്ങളും ചെറുത്തുനില്പിനുള്ള കോട്ടകളുമാക്കി മാററിക്കൊണ്ടിരിക്കുന്നു. ഗുരുദാസ്പൂർ, അമൃത്സർ, കപൂർഥല, ഫെറോസ്പൂർ, ജലന്ധർ, ലുധിയാന എന്നിവിടങ്ങളിലെ പല ഗുരുദ്വാരകളും ഇപ്പോൾ തീവ്രവാദികളുടെ കൈയിലാണ്. ദില്ലിയിലെ ചില ഗുരുദ്വാരകളുടെ ചുററിനും വലിയ മതിലുകൾ കെട്ടി ഉയർത്തപ്പെടുന്നുണ്ട്. 'ആരാധനാലയങ്ങൾ ആയുധപ്പുരകളും കററവാളികളുടെ അഭയസങ്കേതങ്ങളുമായി ഉപയോഗിക്കപ്പെടുകയാണെങ്കിൽ, ഏററവുമുട്ടൽ ഒഴിവാക്കാനെന്നും പറഞ്ഞ് ഗവണ്മെൻറ് കണ്ണടച്ചിരിക്കുകയാണോ വേണ്ടതു്?' എന്നു് ഏപ്രിൽ 7—ാം തീയതി, നാഷണൽ ഇൻടെഗ്രേഷൻ കൗൺസിൽ യോഗത്തിൽ ഭാരതീയ ജനതാ പാർട്ടി നേതാവു് ശ്രീ അഡ്വാനി ഉന്നയിച്ച ചോദ്യം അസംഗതമല്ല. എന്നാൽ, അതിന് ഉത്തരം നൽകപ്പെടുകയുണ്ടായില്ല.

'സിഖ് വിദ്യാത്ഥികൾ, ടക്സാൽ മതപ്രചാരകർ, യുണൈററഡ് അകാലിദൾ, തീവ്രവാദികൾ എന്നിവരുടെ കൂട്ടുകെട്ടിൻെറ പ്രാഥമിക ലക്ഷ്യം ശിരോമണി ഗുരുദ്വാര പ്രബന്ധക് കമ്മററിയെയും അകാലിദൾ സംഘടനയെയും പിടിച്ചുപററി, ഇന്ത്യയിൽനിന്നു വിട്ടു് ഖാലിസ്ഥാൻ പഞ്ചാബിൽ രൂപവത്കരിക്കാൻ സിഖ് മനസ്സിൽ സ്വാധീനം ചെലുത്തുകയാണ്. ഭീകരപ്രവർത്തകരുടെ മുഖ്യശരവ്യങ്ങൾ ഹിന്ദുക്കളും സർക്കാരുമാകുന്നു. ഹിന്ദുക്കളെ ഭയപ്പെടുത്തി പഞ്ചാബിൽനിന്ന് ഓടിക്കുവാനാണ് അവർ ആഗ്രഹിക്കുന്നതു്. പോലീസുകാരുടെ മനോവീര്യം നശിപ്പിക്കാൻ അക്രമികൾ പോലീസ് ഉദ്യോഗസ്ഥന്മാരെയും അവരുടെ കുടുംബാംഗങ്ങളെയും ആക്രമിക്കുന്നു. സുചിന്തിതവും, ദൂരവ്യാപക ദുഷ്ഫലമുള്ളതുമായ ഈ തന്ത്രത്തെ തോല്പിക്കുന്നതിന്, നിർഭാഗ്യവശാൽ സർക്കാരും രാഷ്ട്രീയകക്ഷികളും കൂടിച്ചേർന്ന് ഒരു പ്രവർത്തനവും ചെയ്യുന്നില്ല.' (ഐ. കെ. ഗുജ്റാൽ, ഫ്രണ്ട്ലൈൻ, ഏപ്രിൽ 5)

പഞ്ചാബ് മുഖ്യമന്ത്രി സുർജിത്സിംഹ് ബർണാല സത്യസന്ധനും, സൗമ്യശീലനുമാണ്. കേന്ദ്രത്തിലും പഞ്ചാബിലും മുമ്പും മന്ത്രിയായിരുന്നെങ്കിലും, സിഖ് നേതൃസ്ഥാനത്തേക്ക് അദ്ദേഹം ഇനിയും ഉയർന്നിട്ടില്ല. ടോഹ്റ, ബാദൽ എന്നിവർക്കു കീഴെയാണ്, സിഖ് സമൂഹത്തിൽ, ബർണാലയ്ക്കുള്ള സ്ഥാനം. ബാദലിനെ മന്ത്രിസഭയിലെടുക്കാൻ ബർണാല സന്നദ്ധനല്ല; ടോഹ്റയാണെങ്കിൽ ശിരോമണി ഗുരുദ്വാര പ്രബന്ധക് കമ്മററിയുടെ അദ്ധ്യക്ഷസ്ഥാനം രാജിവെച്ച് അജ്ഞാതവാസം അനുഷ്ഠിക്കുകയുമാണ്. പഞ്ചാബ് മന്ത്രിസഭയിൽ ബർണാലയ്ക്കു തൊട്ടു താഴെയുള്ള ബൽവന്ത് സിംഹിനും സമൂഹനേതൃത്വമില്ല. ബർണാലാ മന്ത്രിസഭയിൽ, പഞ്ചാബിലെ ന്യൂനപക്ഷമായ ഹിന്ദുസമുദായത്തിനു പ്രാതിനിധ്യമില്ല. ചുരുക്കത്തിൽ, പഞ്ചാബിലെ അകാലി മന്ത്രിസഭ അത്യന്ത ദുർബലമാണ്.

പഞ്ചാബിലെ ഹിന്ദുക്കൾ പൊതുവേ ഭാരതീയ ജനതാപാർട്ടിയോടു ചേർന്നാണു നിന്നിരുന്നതു്. ഭിൻഡ്രൻവാലേക്ക് എതിരായ നിലപാട് ഇന്ദിരാഗാന്ധി സ്വീകരിച്ചപ്പോൾ, പഞ്ചാബിലെ ഹിന്ദുക്കൾ കോൺഗ്രസ് അനുഭാവികളായി മാറി. ഇപ്പോൾ അവർക്ക് കോൺഗ്രസ്സിൽ വിശ്വാസമില്ലാതായിരിക്കുന്നു. പഞ്ചാബിൽ പൊതു

വേ സിഖുകാർ കർഷകരും ഹിന്ദുക്കൾ വ്യാപാരി—വ്യവസായികളുമാണ്. നീണ്ടുനിന്ന കലാപങ്ങളുടെ ഫലമായി പഞ്ചാബിലെ ഹിന്ദുക്കൾക്ക സംഭവിച്ചിട്ടുള്ള ധനനഷ്ടത്തിന കണക്കില്ല. നിതാന്തഭീതിയിലാണ് അവരിൽ പലരും പുലരുന്നതു്. ഹിന്ദുക്കളും സിഖുകാരും തമ്മിൽ നെടുനാളായി പഞ്ചാബിൽ നിലനിന്നുവരുന്ന കുടുംബ—സാംസ്കാരികബന്ധങ്ങൾ മിക്കവാറും മുഴുവനായി അററുവരുകയാണ്.

പഞ്ചാബിലെ ഹിന്ദുക്കളുടെ മനോഭാവത്തെ പൊതുവിൽ പ്രതിഫലിപ്പിക്കുന്ന ഒരു സംഘടനയാണ് രാഷ്ട്രീയ സ്വയം സേവക് സംഘ് (ആർ. എസ്. എസ്.). എന്നാൽ, ഇവർ ഹിന്ദു—സിഖ് മൈത്രിക്ക വേണ്ടിയാണ് നിലകൊള്ളുന്നതു്. അകാലിപാർട്ടിയെ രാഷ്ട്രീയമായി എതിർക്കുന്നുണ്ടെങ്കിലും രാജീവ്—ലോംഗോവാൾ ഒത്തുതീർപ്പ് നടപ്പിൽവരുത്തണമെന്നു് ആർ. എസ്. എസ്. ആത്മാർത്ഥമായി ആഗ്രഹിക്കുന്നുണ്ട്.

പഞ്ചാബിലെയും പരിസരങ്ങളിലെയും ഹിന്ദുക്കൾ ഇപ്പോൾ സിഖുകാർക്കെതിരായി പുതിയ ചില സംഘടനകൾ രൂപവത്കരിച്ചിരിക്കുന്നു. ഇക്കൂട്ടത്തിൽ കൂടുതൽ പ്രസിദ്ധിയോ, കുപ്രസിദ്ധിയോ നേടിയിട്ടുള്ളതു് 'ശിവസേന'യാണ്. മഹാരാഷ്ട്രത്തിലെ 'ശിവസേന'യുമായി ഇതിന ബന്ധമൊന്നുമില്ല. 'ശിവശക്തിദൽ', 'ഹിന്ദുശക്തിസേന', 'ബജ്രംഗ(ഹനുമാൻ)ദൽ' മുതലായ പേരുകളിലും സിഖ്—വിരുദ്ധ—ഹിന്ദു—സാമുദായികസംഘടനകൾ ദില്ലി പരിസരങ്ങളിൽ രൂപംകൊണ്ടുകഴിഞ്ഞിട്ടുണ്ട്. ഇവയ്ക്കൊന്നും വലിയ തോതിൽ പൊതുജനസഹകരണം ലഭിച്ചുവരുന്നില്ലെന്നതു് ആശ്വാസകരമാണ്.

രാജീവ്—ലോംഗോവാൾ ഒത്തുതീർപ്പിലെ വ്യവസ്ഥകൾ നടപ്പിൽ വരുമ്പോൾ ഏററവുമധികം ക്ഷീണം തട്ടുക ഹരിയാനയ്ക്കായിരിക്കും. ചണ്ഡീഗഢ് പഞ്ചാബിന വിട്ടുകൊടുക്കുന്നതിന പകരമായി ഹരിയാനയ്ക്ക കൈമാറാമെന്നു് ഇന്ദിരാഗാന്ധി പ്രഖ്യാപിച്ചിരുന്ന അബോഹർ—ഫാസിൽക്ക പ്രദേശത്തിലെ, ഹിന്ദി സംസാരിക്കുന്നവർക്ക ഭൂരിപക്ഷമുള്ള എൺപത്തിമൂന്ന ഗ്രാമങ്ങൾ, ഇടയ്ക്ക് പഞ്ചാബിഭാഷ സംസാരിക്കുന്നവർക്ക ഭൂരിപക്ഷമുള്ള കണ്ടുഖേഡാ എന്ന ഗ്രാമം വന്നുപെട്ടതിനാൽ, (അതായതു് ഹരിയാനയിൽനിന്നു വിട്ട്, പഞ്ചാബീഭാഷാപ്രദേശങ്ങളാൽ ചുററപ്പെട്ടാണ് ഈ ഗ്രാമങ്ങൾ വർത്തിക്കുന്നതു് എന്നതിനാൽ) ഹരിയാനയ്ക്ക നൽകപ്പെടുകയില്ലെന്നു് ഏതാണ്ട തീർച്ചയായിരിക്കുന്നു. പഴയ പാട്യാല പ്രദേശത്തുനിന്നു കുറെ സ്ഥലം ഹരിയാനയ്ക്ക വിട്ടുകൊടുക്കാമോ എന്നാണ് ഇപ്പോൾ ആലോചന. അബോഹർ—ഫാസിൽക്കാ പ്രദേശത്തുനിന്നു് ഹിന്ദിഭാഷക്കാരെ (അതായതു് ഹിന്ദുക്കളെ) തുരത്തിയശേഷം, ഹരിയാനയിലേക്കുകൂടി സിഖുകാർ തള്ളിക്കയറുമെന്ന ഭീതി ഹരിയാനക്കാർക്കിടയിൽ പരന്നിട്ടുണ്ടത്രേ. ഹരിയാനയിലെ മുഖ്യമന്ത്രിപദവിക്കവേണ്ടി മത്സരിക്കുന്ന ലോക്ദൾ കാരനായ ദേവീലാലും ഇന്ദിരാകോൺഗ്രസ്സുകാരനായ ഭജൻലാലും സിഖ് വിരുദ്ധ വികാരങ്ങൾ ഹിന്ദുക്കൾക്കിടയിൽ പരത്തുന്ന കാര്യത്തിലും പരസ്പരം മത്സരിക്കുന്നുണ്ട്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ പഞ്ചാബെന്നപോലെ ഇനിയത്തെ തെരഞ്ഞെടുപ്പിൽ ഹരിയാനയും കോൺഗ്രസ്സിന് എന്നെന്നേക്കുമായി നഷ്ടപ്പെട്ടുകൂടായ്കയില്ല.

പഴുതു കിട്ടുന്ന സ്ഥലത്തെല്ലാം പഞ്ചാബിലെ അകാലി ഗവണ്മെൻറിനും കേന്ദ്രഗവണ്മെൻറിനും എതിരെ ആഞ്ഞടിക്കുകയാണ് സിഖ് തീവ്രവാദികളുടെ ലക്ഷ്യം. ഇതിനായി ആരെ വേണമെങ്കിലും കൊല്ലാനും എത്രതന്നെ ഹീനമായ ഏതു കൃത്യവും ചെയ്യാനും അവർക്ക മടിയില്ല. തങ്ങൾ ചെയ്യുന്ന കടുംകൈകളുടെ ഫലമായി, ഹിന്ദുക്കളുടെ

രോഷം സിഖുകാർക്കെതിരെ തിരിഞ്ഞാൽ, അതിൽപ്പരം ഒരു സന്തോഷം സിഖ് തീവ്രവാദികൾക്ക വരാനില്ല. സിഖുകാർക്കം ഹിന്ദുക്കൾക്കം ഇടയിൽ നികത്താനാവാത്ത വിടവുണ്ടാക്കകയാണ് അവർക്ക വേണ്ടതു്. ഇന്നല്ലെങ്കിൽ നാളെ ഖാലിസ്ഥാൻ എന്ന സ്വതന്ത്ര—പരമാധികാര—സിഖ്മതരാഷ്ട്രം പഞ്ചാബിൽ സ്ഥാപിക്കവാനുള്ള മാർഗം ഇതാണെന്ന് അവർ കരുതുന്നു. ഈ ലക്ഷ്യം നേടാനായി, എത്ര വർഷത്തേക്ക വേണമെങ്കിലും അവർ കാത്തിരുന്നുകൊള്ളും. ഈ വസ്തുത, ഇന്ത്യയുടെ ഐക്യത്തിലും അഖണ്ഡതയിലും താല്പര്യമുള്ളവർ പ്രത്യേകം മനസ്സിലാക്കേണ്ടതുണ്ട്.

എന്നാൽ, സിഖുകാരെയും ഹിന്ദുക്കളെയും തമ്മിൽ യോജിപ്പിക്കുന്നതിനും, പഞ്ചാബിന്റെ പ്രശ്നങ്ങൾ ഭരണഘടനയുടെ ചട്ടക്കൂടിനുള്ളിൽ സമാധാനപരമായി പരിഹരിക്കുന്നതിനും ആവശ്യമായ മുൻകൈ ഇന്ന് കേന്ദ്രസർക്കാരിന്റെയോ, രാഷ്ട്രീയകക്ഷികളുടെയോ, പഞ്ചാബ് സർക്കാരിന്റെയോ, സാംസ്കാരിക—സാമൂഹ്യസംഘടനകളുടെയോ ഭാഗത്തുനിന്ന് ഉണ്ടാവുന്നില്ല. എല്ലാവരും ഏറെക്കറെ മരവിച്ചുനില്ക്കുന്ന മട്ടാണ്. താല്ക്കാലിക രാഷ്ട്രീയലാഭങ്ങളിൽ കണ്ണുനട്ടുനില്ക്കുന്നവർക്ക് ദീർഘവീക്ഷണമോ, വിവേകമോ എങ്ങനെ ഉണ്ടാകാനാണ്!

ഇന്നത്തെ പരിതഃസ്ഥിതിയിൽ പാകിസ്ഥാൻ—ഇന്ത്യാ അതിർത്തി പൂർണമായും അടയ്ക്കുക അസാദ്ധ്യമാകുന്നു. കാവൽ എത്രമാത്രം ശക്തിപ്പെടുത്തിയാലും, വേണമെന്നുള്ളവർക്ക് അങ്ങോട്ടോ, ഇങ്ങോട്ടോ ചോർന്നു കടക്കാൻ കഴിയും. പാകിസ്ഥാനിൽ പരിശീലനം നേടിയ തീവ്രവാദികളെസ്സംബന്ധിച്ച പൂർണവിവരങ്ങൾ കേന്ദ്രഗവണ്മെന്റ് ശേഖരിക്കകയും, പഞ്ചാബ് ഗവണ്മെന്റിനു കൈമാറുകയുംചെയ്തിട്ടുണ്ട്. ഭീകരരെ നിഷ്ക്രിയരാക്കാനുള്ള കർമപരിപാടികൾ ഇനി കൈക്കൊള്ളേണ്ടതു് പഞ്ചാബ് ഗവണ്മെന്റിന്റെ ചുമതലയാണ്.

'ആരാധനാലയങ്ങൾ തീവ്രവാദികളും വിഭജനവാദികളും ദുരുപയോഗപ്പെടുത്തുന്നതു് അനുവദിച്ചുകൊടുത്തുകൂടാ. പ്രത്യേകിച്ച് സുവർണ്ണക്ഷേത്രം രാജ്യദ്രോഹികൾ നിയമവിരുദ്ധമായി കൈയടക്കിവെച്ചിരിക്കുന്നതു തടയണം' എന്നു നാഷണൽ ഇൻടെഗ്രേഷൻ കൗൺസിൽ ഏകകണ്ഠമായി പാസ്സാക്കിയ പ്രമേയം അനുശാസിക്കുന്നു.

ഈ അനുശാസനം നടപ്പിൽവരുത്താനുള്ള കഴിവും മനസ്സും ബർണാലാ സർക്കാരിന് ഉണ്ടാകുമോ?

കാത്തിരുന്നു കാണാം.

(9 ഏപ്രിൽ, 1986)

# 38. കുരുക്ക് കൂടുതൽ കുരുങ്ങുന്നു

1986 ഏപ്രിൽ 9—ാം തീയതി എഴുതിയ 'പഞ്ചാബ് ഏടാകൂടം' എന്ന ലേഖനത്തിൽ പിരി മുറുകി പൊട്ടാനടുത്തിരുന്ന പഞ്ചാബ് ദുരന്തനാടകത്തിലെ പ്രധാന പ്രതിസന്ധികളെപ്പറ്റി ഞാൻ വിവരിച്ചിരുന്നു.

ജനുവരി 26—ാം തീയതി സുവർണക്ഷേത്രം പിടിച്ചടക്കി, അവിടെ ഖാലിസ്ഥാൻ പതാക ഉയർത്തിയ സിഖ് തീവ്രവാദികൾ, ഗുരുചരൺ സിംഹ് ടോഹ്റയുടെ അദ്ധ്യക്ഷതയിലുള്ള ശിരോമണി ഗുരുദ്വാരപ്രബന്ധക് സമിതി പിരിച്ചുവിടുകയും, അതിന്റെ സ്ഥാനത്തു്, ഗുരുദ്വാരകളുടെ ഭരണത്തിന്, അഞ്ചു് അംഗങ്ങളടങ്ങിയ ഒരു 'പന്ഥിക്' കമ്മ